പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1150. 30.11.2018 ൽ മറുപടിയ്ക്ക്

## വിമുക്തി പദ്ധതിയുടെ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി.സതീഷ് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിച്ച 'വിമുക്തി' പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; ആയതിന്റെ സമീപനത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സമൂഹത്തിലെ സമഗ്ര മേഖലയിലേയും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി 'ലഹരി വിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് 'വിമുക്തി' മിഷന്റെ ഉദ്ദേശലക്ഷ്യം.<br>എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്. , എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നുണ്ട്.<br>സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും കോളേജ് തലത്തിൽ 511 ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ |

| | |
|---|---|
| | സന്ദേശങ്ങൾ പകരുകയും ചെയ്യുന്നുണ്ട്. യുവാക്കൾക്കായി ജില്ലാ-സംസ്ഥാനാടിസ്ഥാനത്തിൽ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ച് ലഹരി വിരുദ്ധ പ്രചാരണങ്ങൾ ശക്തമായി സംഘടിപ്പിക്കുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, എക്സൈസ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവമാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിക്കുകയും അതുവഴി ലഭ്യമാകുന്ന പരാതികൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ സർക്കാർ ആശുപത്രിയോടു ചേർന്ന് 14 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന ഈ സംരംഭത്തിന് ആവശ്യമായ വിവിധ തസ്തികകൾ അനുവദിക്കുകയും ഡോക്ടർമാരടക്കമുള്ളവരുടെ നിയമന നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ദേശീയ നിലവാരമുള്ള ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**